**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4471** **19-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ കാർഷിക സമൃദ്ധി വീണ്ടെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടിക ഗോത്രവർഗ്ഗ ഊരുകളിലെ കാർഷിക സമൃദ്ധി വീണ്ടെടുത്ത് പട്ടിണിയകറ്റി അവരെ സ്വയം പര്യാപ്തരാക്കുന്നതിന് പദ്ധതിയുണ്ടോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പ് വരുത്തുന്നതിനായി ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്ന തരത്തിൽ "മില്ലെറ്റ് വില്ലേജ്" എന്ന പദ്ധതി കൃഷി വകുപ്പുമായി ചേർന്നും കൂടാതെ അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തുവരുന്നു.<br><br>പട്ടികവർഗ്ഗ മേഖലയിലെ JLGs (Joint Liability Groups)-കളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ മിഷൻ മുഖേന കോർപ്പസ് ഫണ്ട്, കൃഷി ചെയ്യുന്നതിന്റെ വിസ്തൃതി അനുസരിച്ച് വിസ്തൃതി ബോണസും നൽകുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ മഹിളാ കിസാൻ ശാക്തീകരൻ പരിയോജന (എം.കെ.എസ്.പി)യുടെ ഭാഗമായി 1037 ജെ.എൽ.ജി.കളിലായി 4606 മഹിളാകർഷകർ പ്രവർത്തിച്ചുവരുന്നു. വിവിധ വിളകൾ (ചെറുധാന്യം-റാഗി, ചാമ, തിന, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, വാഴ എന്നിവ) കൃഷി ചെയ്തിട്ടുണ്ട്. |
| (ബി) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ അട്ടപ്പാടിയിൽ ആയിരത്തിലധികം സംഘങ്ങൾ രൂപീകരിച്ച് നടത്തുന്ന കാർഷിക ഉപജീവന പ്രവർത്തനങ്ങൾക്ക് ദിശാബോധം പകരുന്നതിനും ഈ മാതൃക എല്ലാ പട്ടിക ഗോത്രവർഗ്ഗ അധിവാസ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനും സർക്കാരിന്റെ ഇടപെടൽ ഉണ്ടാകുമോ; | (ബി) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ അട്ടപ്പാടിയിൽ കാർഷിക പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | പട്ടിക ഗോത്രവർഗ്ഗക്കാർ കേന്ദ്രീകരിച്ച് വസിക്കുന്ന പ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള കൃഷിയും കാർഷികാനുബന്ധ പ്രവർത്തനങ്ങളും വ്യാപിപ്പിച്ച് സുസ്ഥിര വരുമാനദായക മാർഗം ഉറപ്പാക്കുന്നതിന് പരിപാടിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | ഉണ്ട്. അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി സഹായം ചെയ്തുവരുന്നു.<br><br>ആധുനിക കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ മിഷൻ മുഖേന ഫാർമേഴ്സ് ഫീൽഡ് സ്കൂളുകൾ, സീഡ് ബാങ്ക്, സുഗന്ധവിള ഗവേഷണ കേന്ദ്രത്തിന്റെ സഹായത്തോടു കൂടി ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയുടെ മാതൃക കൃഷിത്തോട്ടം മുതലായ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. പാരമ്പര്യ കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, വിപണനം, മൂല്യവർധനം എന്നിവ ഉറപ്പുവരുത്തുന്നതിനായി വിവിധ തരത്തിലുള്ള സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ